# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3736      17.10.2011-ലെ മറുപടിക്ക്

## കല്ലറ-പനവൂർ-പുല്ലമ്പാറ കുടിവെള്ള പദ്ധതി

**ചോദ്യം**

**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ**

**മറുപടി**

**ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)**

(എ) കല്ലറ-പനവൂർ-പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(എ) തെങ്ങിൻകോട് സ്ഥാപിച്ചിട്ടുള്ള 10 എം.എൻ.ഡി ജല ശുദ്ധീകരണ ശാല അടിസ്ഥാനമാക്കി 2 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവയുടെ ഇപ്പോഴത്തെ സ്ഥിതി ചുവടെ ചേർക്കുന്നു.

(1) കല്ലറ - പാങ്ങോട് വില്ലേജുകൾക്കുവേണ്ടിയുള്ള ത്വരിതഗ്രാമീണകുടിവെള്ള പദ്ധതി

ഈ പദ്ധതിയുടെ പൊതുഘടകങ്ങളായ അരുവിപ്പുറത്തെ വെൽ-കം-പമ്പ് ഹൗസ്, റാ-വാട്ടർ പമ്പ് ഹൗസ്, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, റാ-വാട്ടർ പമ്പിങ്ങ് മെയിൻ, തെങ്ങിൻകോട് - 10 എം.എൽ.ഡി ജല ശുദ്ധീകരണശാല തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തികളും മറ്റ് സ്വതന്ത്ര ഘടകങ്ങളായ ക്ലിയർ വാട്ടർ പമ്പ് സെറ്റിന്റെയും കൊടിതൂക്കികുന്നിലെ ജി.എൽ.എസ്.ആർ-ന്റെയും ഇതിലേക്കുള്ള പമ്പിംഗ് മെയിന്റെയും ടാങ്കിൽ നിന്നുള്ള ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല എന്നിവയുടെ കുറച്ച് ഭാഗങ്ങളുടേയും നിർമ്മാണ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിലേക്കായി കെ.എസ്.ഇ.ബി-യുടെ ലൈൻ എക്സ്റ്റൻഷൻ വർക്കും പൂർത്തികരിച്ചിട്ടുണ്ട്.

ജല വിതരണ ശൃംഖലയുടെ ബാക്കി പണികളും ട്രാൻസ്മിഷൻ മെയിൻ പൈപ്പ് ലൈനിന്റെ ബാക്കി പണികളുമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഇതിൽ ട്രാൻസ്മി

ഷൻ മെയിൻ പൈപ്പ് ലൈനിന്റെ ടെണ്ടർ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ അപര്യാപ്തത കാരണം ജലവിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് എസ്.എൽ.എസ്.എസ്.സി-2010-ൽ ഉൾപ്പെടുത്തി അനുവാദം ലഭിച്ചിട്ടുണ്ട്. ഭരണാനുമതിയുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(2) പനവൂർ - പുല്ലമ്പാറ - വെമ്പായം വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി

ഈ പദ്ധതിയുടെ പൊതുഘടകങ്ങളായ അരവിപുറത്തെ വെൽ-കം-പമ്പ് ഹൗസ്, റാ-വാട്ടർ പമ്പ് സെറ്റ്, റാ-വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണശാല തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികളും സ്വതന്ത്ര ഘടകങ്ങളായ ക്ലിയർ വാട്ടർ പമ്പ് സ്ഥാപിക്കൽ ഡബ്ല്യൂ.റ്റി.പി-യിൽ നിന്നും ആലുമുക്ക് ടാങ്കിലേക്കുള്ള പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, ആലുമുക്ക് ഒ.എച്ച്.എസ്.ആർ - നിർമ്മാണം, ആലുമുക്ക് ഒ.എച്ച്.എസ്.ആർ-ൽ നിന്നും ട്രാൻസ്മിഷൻ മെയിൻ, അരശുംമൂട്, വെട്ടുപാറ, ദേവീനഗർ എന്നിവിടങ്ങളിലെ ജി.എൽ.എസ്.ആർ-കൾ വെള്ളം കുടിയിലു, കടവാകുഴിയിലും സംപും പമ്പ് ഹൗസും സ്ഥാപിക്കൽ, ഇവയിലേക്കുള്ള ട്രാൻസ്മിഷൻ മെയിൻകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. പനവൂർ പഞ്ചായത്തിനുവേണ്ടിയുള്ള ജലവിതരണ ശൃംഖല പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പണികൾ പുരോഗമിക്കുന്നു. പണിയുടെ 90% പൂർത്തിയായി. വെമ്പായം പഞ്ചായത്തിനുവേണ്ട ജലവിതരണ ശൃംഖലാ പൈപ്പുലൈനുകൾ സ്ഥാപിക്കുന്ന പണികൾ 50% പൂർത്തിയായി. വെള്ളംകുടി പമ്പ് ഹൗസിൽ പമ്പ് സ്ഥാപിക്കുന്ന പണിയുടെ ടെണ്ടറിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പുല്ലമ്പാറ പഞ്ചായത്തിനുവേണ്ട ജലവിതരണ ശൃംഖലയുടെ പണിയും ചില ഇന്റർ കണക്ഷൻ വർക്കുകളും, ഇലക്ട്രിക് കണക്ഷൻ വർക്കുകളുമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഇതിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പുല്ലമ്പാറ പഞ്ചായത്തിനുവേണ്ട ജലവിതരണ ശൃംഖലയുടേയും കുറ്റിമൂട് ജി.

എൽ.എസ്.ആർ-ന്റെയും എസ്റ്റിമേറ്റ് എസ്.എൽ.എസ്.എസ്.സി 2010-ൽ ഉൾപ്പെടുത്തുകയും അനുവാദം ലഭിക്കുകയും ചെയ്തു.

(ബി) ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;;

(ബി) കല്ലറ - പാങ്ങോട് ത്വരിതഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈനുകൾ സ്ഥാപിക്കുന്നതിനും, പനവൂർ - പുല്ലമ്പാറ - വെമ്പായം ത്വരിതഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുല്ലമ്പാറ പഞ്ചായത്തുപ്രദേശത്തെ ഡിസ്ട്രിബ്യൂഷൻ ലൈനുകളും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് എസ്.എൽ.എസ്.എസ്.സി 2010-ൽ അംഗീകരിച്ചിട്ടുണ്ട്.

കല്ലറ - പാങ്ങോട് പദ്ധതിയുടെ ബാക്കി പണികൾക്കായി 907 ലക്ഷം രൂപയും, പനവൂർ - പുല്ലമ്പാറ - വെമ്പായം പദ്ധതിയുടെ ബാക്കി പണികൾക്കായി 300 ലക്ഷം രൂപയും എസ്.എൽ.എസ്.എസ്.സി-യിൽ അംഗീകരിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര കാലാവധി വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) എസ്.എൽ.എസ്.എസ്.സി-യിൽ അംഗീകരിച്ച പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചാൽ ഒരു വർഷത്തിനകം ഈ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്ന പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ